# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 23/01/ 2020

## അനധികൃതമായി വീട്ടിൽ സൂക്ഷിച്ചിരുന്ന 45 ചാക്ക് അരി ഇരവിപുരം പോലീസ് പിടിച്ചെടുത്തു.

കൊല്ലം : ഇരവിപുരം പോലീസും ഷാഡോ പോലീസും ചേർന്ന് അനധികൃതമായി വാടക വീട്ടിൽ സൂക്ഷിച്ചിരുന്ന 45 ചാക്ക് അരി പിടിച്ചെടുത്തു. വാളത്തുംഗൽ ചിറവയൽ ഷറഫുൽ ഇസ്ലാം മസ്ജിദിന് എതിർ വശത്ത് പീപ്പിൾസ് നഗർ 142 ആയിഷ മൻസിൽ വാടകയ്ക്ക് താമസിക്കുന്ന ഇസ്മയിലിന്റെ വീട്ടിൽ നിന്നുമാണ് ഇമിചാക്കുകൾ പിടികൂടിയത്. ബ്രാൻഡഡ് പ്ലാസ്റ്റിക്ക് ചാക്കുകളും ചാക്കുകൾ തയ്ക്കാൻ ഉപ യോഗിക്കുന്ന മിഷനും സിവിൽ സപ്ലൈസിന്റെ കാലിചാക്കുകളും പോലീസ് പിടിച്ചെടുത്തു. കതിർ എന്ന ബ്രാന്റിലുള്ള അരിയാണ് പിടിച്ചെടു ത്തത് എന്നാൽ പിടികൂടിയ അരി റേഷനരിയാണ് എന്ന് സംശയത്തെതുടർന്ന് താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ സംഘം സ്ഥല ത്തെത്തി പരിശോധന നടത്തി എന്നാൽ വിശദമായ പരിശോധനയ്ക്ക് ശേഷം മാത്രമേ റേഷനരിയാണോ അല്ലയോ എന്ന് പറയാൻ കഴിയു എന്ന് താലൂക്ക് സപ്ലൈ ഓഫീസർ അനിൽ കുമാർ പറഞ്ഞു. ഇരവിപുരം ഐ.എസ്.എച്ച്.ഒ കെ .വിനോദ്, എസ്.ഐമാരായ എ.പി അനീഷ്, വിനോദ്കുമാർ, ഷാജി, ഷിബു പീറ്റർ ശ്രീജിത്ത്, റേഷനിംങ് ഇൻസ്പെ ക്ടർമാരായ ഹുസൈൻ, ഗോപകുമാർ എന്നിവർ പരിശോധനകൾക്ക് നേതൃത്വം നൽകി.



